സി. ബി. (1) 48328/2016 സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്,

തിരുവനന്തപുരം, തീയതി: 09.. 11.. 2016

# സർക്കുലർ നമ്പർ. 41/2016

വിഷയം: 500/,1000/ രൂപ നോട്ടുകൾ അസാധുവാക്കിയ ത് സംബന്ധിച്ച്

സൂചന : കേന്ദ്രസർക്കാരിന്റെ 08.. 11.. 2016 ലെ നോട്ടിഫിക്കേഷൻ നമ്പർ.S.O.3407(E)

കേന്ദ്രസർക്കാർ സൂചന പ്രകാരം പുറപ്പെടുവിച്ച നോട്ടിഫിക്കേഷനിൽ, 2016 നവംബർ 9-ാം തീയതി മുതൽ രാജ്യത്ത് നാളിതുവരെയുള്ള നിലവിലിരുന്ന 500/,1000/ രൂപ നോട്ടുകൾ അസാധുവാക്കുകയുണ്ടായി. ഈ സാഹചര്യ ത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള സഹകരണ ബാങ്കുകൾ/സഹകരണ സംഘങ്ങൾ താഴെപറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ട താണ്.

1. യാതൊരു കാരണവശാലും 8/11/2016 രാത്രി 12 മണിക്കുശേഷം, നിലവിലുണ്ടായിരുന്ന 500, 1000 രൂപ ബാങ്ക് നോട്ടുകൾ സഹകരണ സംഘങ്ങൾ / ബാങ്കുകൾ വിതരണം ചെയ്യുവാൻ പാടുള്ളതല്ല. പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി ആരെങ്കിലും പ്രവർത്തിക്കുകയാണെങ്കിൽ അവർക്കെതിരെയും ബന്ധപ്പെട്ട സംഘം ഭരണ സമിതിക്കെതിരെയും കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

2. വായ്പയായോ മറ്റിനങ്ങളിലോ ഇടപാടുകാർക്ക് നൽകേ ണ്ട/നൽകാനുള്ളതായ തുക മേൽപറഞ്ഞ ബാങ്ക് നോട്ടുകൾക്ക് പുറമേയുള്ള ബാങ്ക് നോട്ടുകൾ ഉപയോഗിച്ചുമാത്രം നൽകുക.

3. പ്രതിമാസ നിക്ഷേപപദ്ധതികളുടെ (MDS) പ്രതിമാസ തവണ ഒടുക്കുന്നതിന് ബാങ്ക് നോട്ടുകളുടെ കുറവ് ഉണ്ടാകാനുള്ള സാഹചര്യം കണക്കിലെടുത്ത് 2016 നവംബർ മാസം 9 മുതൽ 15 വരെയുള്ള MDS പദ്ധതികളിലെ തവണയടവ് ഉപഭോക്താക്കൾക്ക് നഷ്ടമുണ്ടാകാത്ത രീതിയിൽ (വീതപലിശ, പിഴപലിശ) പുനഃക്രമീകരിച്ചു നൽകേണ്ട താണ്.

4. 2016 നവംബർ 9-ാം തീയതിയിൽ പണമിടപാടുകൾ നടത്താൻ പാടുള്ളതല്ല. എന്നാൽ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കേണ്ട തും ഈ നിയമമാറ്റം മൂലമുണ്ടാകുന്ന വ്യവസ്ഥകൾ പാലിച്ച് ഇടപാടുകൾ നടത്തേണ്ടതുമാണ്.

5. ഡെയ്‌ലി കളക്ഷൻ മുഖാന്തിരം ലഭിക്കുന്ന കളക്ഷൻ തുകയിൽ അസാധുവാക്കിയ 500/, 1000/ രൂപയുടെ നോട്ടുകൾ ഇല്ലായെന്നുള്ളത് ഉറപ്പുവരുത്തേണ്ട താണ്. 8/11/2016 ന് കളക്ഷൻ ഏജന്റുമാർ കളക്ടുചെയ്ത തുകയിൽ 500, 1000 രൂപ നോട്ടുകൾ ഉണ്ടെങ്കിൽ ആയത് അതാത് ഇടപാടുകാർക്ക് തിരിച്ച് നൽകുകയും അവരിൽ നിന്ന് 11/11/2016 മുതൽ റിസർവ്വ് ബാങ്ക് നിർദ്ദേശപ്രകാരമുള്ള പുതിയ നോട്ടുകൾ ലഭ്യമാക്കി സംഘത്തിൽ / ബാങ്കിൽ അടയ്ക്കേണ്ടതുമാണ്.

6. RBI ലൈസൻസ് പ്രകാരം പ്രവർത്തിക്കുന്ന എല്ലാ ബാങ്കിംഗ് സ്ഥാപനങ്ങളും 2016 നവംബർ 8 -ന് ബാങ്കിംഗ് പ്രവർത്തനം അവസാനിക്കുന്ന മണിക്കൂറിലെ 500/-, 1000/- രൂപയുടെ ബാങ്ക് നോട്ടുകളുടെ എണ്ണവും തുകയും എഴുതി സൂക്ഷിക്കേണ്ട തും, RBI യുടെ അതാത് റീജിയണൽ ഓഫീസുകളിൽ 2016 നവംബർ 10ാം തീയതി 1.00 പി. എം. ന് മുൻപായി വിവരം എഴുതി സമർപ്പിക്കേണ്ട തുമാണ്. ആയതിന്റെ പകർപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്.